**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1822** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി. എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്നറിയിക്കാമോ? | (എ) | ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കുന്നതിന്റെയും വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികൾ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കി വരുന്നു:<br><br>വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വിദ്യാർത്ഥികളുടെ യാത്രാ കൺസഷൻ പൂർണ്ണമായും ഓൺലൈനാക്കി മാറ്റിയിട്ടുണ്ട്.<br><br>യാത്രക്കാരുടെ സൗകര്യാർത്ഥം നിലവിൽ തിരുവനന്തപുരത്ത് നിന്നും തൃശ്ശൂരിലേയ്ക്കോ അതിനപ്പുറമോ സർവീസ് നടത്തുന്ന എല്ലാ ദീർഘദൂര സൂപ്പർ ഫാസ്റ്റ് ബസ്സുകളെയും സൂപ്പർഫാസ്റ്റ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകളാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബസ്സുകൾ എൻ.എച്ച്.ലെയും എം.സി.യിലെയും പ്രധാന ബസ് സ്റ്റേഷനുകളിൽ മാത്രം പ്രവേശിച്ച് യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്തുവരുന്നു. ഇത് യാത്രക്കാർക്ക് സമയം ലാഭിക്കുന്നതിനും ബ്ലോക്കുകൾ ഒഴിവാക്കുന്നതിനും സഹായകരമാകും.<br><br>ഭാഷ അറിയാത്ത യാത്രക്കാർക്ക് ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ഭാഷാ പ്രശ്നമില്ലാതെ അയൽ സംസ്ഥാന യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുന്ന തരത്തിൽ ഡെസ്റ്റിനേഷൻ ബോർഡുകളിൽ സ്ഥലനാമത്തിന് ഉപരിയായി ഡെസ്റ്റിനേഷൻ നമ്പർ ഉൾപ്പെടുത്തുവാനും ഇവ പൊതുജനങ്ങൾക്ക് എളുപ്പത്തിലും വ്യക്തമായും വായിച്ച് മനസിലാക്കുവാൻ കഴിയുന്ന വിധം ഡെസ്റ്റിനേഷൻ ബോർഡുകൾ പുതുക്കി നൽകുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

ടിക്കറ്റിതര വരുമാന വർദ്ധനവിനും, ജന സൗഹൃദമാക്കുന്നതിന്റെയും ഭാഗമായി ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ നേതൃത്വത്തിൽ വിവിധതരം ടൂറിസം പദ്ധതികൾ നടത്തി വരുന്നു.

കെ.എസ്.ആർ.ടി.സി. 2024-2025 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫണ്ട് ഉപയോഗിച്ച് കാലപഴക്കം ചെന്ന ബസ്സുകൾക്ക് പകരം 220 എണ്ണം Fully Built Non AC 4 Cylinder Engine Diesel BS VI മാനദണ്ഡപ്രകാരമുള്ള ബസ്സുകൾ വാങ്ങുന്നതിനുള്ള ഇ-ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രസൗകര്യം ലഭ്യമാക്കുന്നതിന് Super Fast AC Premium ബസ്സുകളിൽ Push Back Seat Air Condition സംവിധാനമുള്ള ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകി നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 115 ഇലക്ട്രിക് ബസുകൾ വാങ്ങി സർവ്വീസ് നടത്തി വരുന്നു.

ബ്രേക്ക്ഡൗൺ ആകുന്ന ബസുകളുടെ തകരാറ് പരിഹരിക്കുന്നതിന് എത്രയുംപെട്ടെന്ന് ബ്രേക്ക്ഡൗൺ സ്ഥലത്തെത്തി പരിശോധിച്ച് പരിഹരിക്കുന്നതിന് വേണ്ടി Mini Mobile Service Van-കൾ 10 എണ്ണം വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സൂപ്പർക്ലാസ് ബസ്സുകളിലെ യാത്രക്കാർക്ക് ഗുണനിലവാരമുള്ള ഭക്ഷണം കഴിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ദീർഘദൂര ബസ്സുകൾ സർവ്വീസ് നടത്തുന്ന ഹൈവേയുടെ വശത്തുള്ള ഹോട്ടലുകൾ തിരഞ്ഞെടുക്കുന്നതിന് താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ വിവിധ ബസ്സ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കായി ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.

ബസ് സ്റ്റേഷനുകളിൽ ശുചിത്വമുള്ള പൊതു ശൗചാലായങ്ങൾ സ്ഥാപിക്കുക എന്നതിന്റെ ഭാഗമായി പൊതു ശൗചാലയങ്ങളുടെ നിലവിലെ ലൈസൻസികളുടെ കാലാവധി തീരുന്ന മുറയ്ക്ക് ഇവയുടെ പ്രവർത്തനം M/s. Sulabh International എന്ന Non Governmental Organisation-ന് കൈമാറി വരുന്നു.

കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിൽ Onboard Refreshment സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ വിവിധ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും, സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് Ladies and Family Waiting Area CSR ഫണ്ട് വിനിയോഗിച്ച് Vivo എന്ന കമ്പനി നിർമ്മിച്ച് KSRTC ക്കു കൈമാറി തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട് ഡിപ്പോകളിൽ പ്രവർത്തനം ആരംഭിച്ചു.

ഉപഭോക്താക്കൾക്ക് സുരക്ഷിതമായും, സൗകര്യപ്രദമായും പാർസലുകൾ എത്തിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ 47 ബസ് സ്റ്റേഷനുകളിൽ ലോജിസ്റ്റിക്സ് & കൊറിയർ കൗണ്ടറുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ ഓപ്പറേറ്റിംഗ് കൺട്രോൾ സെന്ററിൽ (OCC) പ്രവർത്തിച്ചുവരുന്നു.

OCC നിന്ന് ലഭിക്കുന്ന സേവനങ്ങൾ

- റിസർവേഷൻ സംബന്ധമായ സംശയങ്ങളുടെ പരിഹാരം.
- ബസ് റൂട്ടുകളുടെ അന്വേഷണം.
- പരാതികൾ അറിയിക്കാനുള്ള നൂതന സംവിധാനം (Grievance Redressal Cell)
- ബ്രേക്ക്ഡൗൺ, ആക്സിഡന്റ് റിപ്പോർട്ടിംഗ്
- യൂണിറ്റിൽ നിന്ന് അറിയിക്കുന്ന മുറക്ക് റിസേർവ്ഡ് യാത്രക്കാരുടെ ക്ലബ്ബിങ്, റിസർവേഷൻ ക്ലോസിങ് ആൻഡ് ക്യാൻസലേഷൻ എന്നിവ ചെയ്യുന്നു.
- കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ അപകടകരമായ ഡ്രൈവിംഗ് ശ്രദ്ധയിൽപെട്ടാൽ വീഡിയോ ഉൾപ്പെടെ റിപ്പോർട്ട് ചെയ്യാനായി ഒരു വാട്സ്ആപ്പ് (9188619380) നമ്പർ എല്ലാ ബസ്സുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.
- സർവീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ടുള്ള എല്ലാ സംശയങ്ങൾക്കും മറുപടി നൽകുന്നുണ്ട്.
- നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം 2024 മേയ് മാസം മുതൽ

ആരംഭിച്ചു. കെ.എസ്.ആർ.ടി.സി. നടത്തിവരുന്ന ഓപ്പൺ ഡബിൾ ഡെക്കർ സിറ്റി റൈഡിലെ യാത്രക്കാർക്ക് കുടിവെള്ളം, ലഘു ഭക്ഷണം എന്നിവ ബസിനുള്ളിൽ തന്നെ ലഭ്യമാക്കുന്നുണ്ട്. സമാന രീതിയിൽ ബി.ടി.സി.യ്ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇതുവരെ 14 ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെരുമ്പാവൂർ ഡിപ്പോയിൽ യാത്രാ ഫ്യൂവൽസ് ഔട്ട്ലെറ്റ് ഉടൻ പ്രവർത്തനം തുടങ്ങുന്നതാണ്. പൊതുമേഖലാ എണ്ണ കമ്പനികൾ നിഷ്കർഷിച്ചിട്ടുള്ള ഉപഭോക്തൃ സേവനങ്ങൾ പൊതുജനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.

<u>റെന്റൽ മാനേജ്മെന്റ് സിസ്റ്റം</u>

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് ഇതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണം ഇടപാടുകളും ഓൺലൈൻ വഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനം ആയ റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ നടപ്പിലാക്കി കഴിഞ്ഞു.

<u>ഗൂഗിൾ ട്രാൻസിറ്റ്</u>

കെ.എസ്.ആർ.ടി.സി.യുടെ സിറ്റി സർക്കുലർ, പോയിന്റ് ടു പോയിന്റ്, ബൈപ്പാസ് റൈഡറുകൾ പൂർണമായും ഗൂഗിൾ മാപ്പിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

സൂപ്പർഫാസ്റ്റിന് മുകളിലേക്കുള്ള എല്ലാ സൂപ്പർ ക്ലാസ്സ് സർവീസുകളും ഗൂഗിൾ മാപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്.

<u>ഇ-ഓഫീസ്</u>

കെ.എസ്.ആർ.ടി.സി.യിലും, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലും ഇ-ഓഫീസ് സംവിധാനം മുഖേന ഫയൽ നീക്കങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സുഗമമാക്കുന്നതിനുമായുള്ള പ്രവർത്തനങ്ങളുടെ

ഭാഗമായി നിലവിൽ എല്ലാ വിഭാഗങ്ങളും ഇ-ഫയൽ സംവിധാനത്തിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.

<u>ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് സൊല്യൂഷൻ</u>

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിംഗ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.

ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

<u>ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം</u>

കെ.എസ്.ആർ.ടി.സി.യിലേക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടു കൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്.

മുൻകൂർ ടിക്കറ്റ് ബുക്കിംഗ് ആയി "ente ksrtc neo OPRS" എന്ന മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്.

കൂടാതെ "ഗ്രൂപ്പ് ടിക്കറ്റ് ഓപ്ഷൻ" മുഖേന നാലോ അതിൽ അധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ് ആയ 10 രൂപ മാത്രം നൽകിയാൽ മതിയാകും.

ചലോ ആപ്പ് വഴി യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കും. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് പോകേണ്ട വിവരങ്ങൾ നൽകിയാൽ ടി റൂട്ടിൽ ഓടുന്ന ബസുകൾ ലിസ്റ്റ് ചെയ്യുകയും ടി ലിസ്റ്റിൽ നിന്നും ഓൺലൈനായി ഡിജിറ്റൽ ടിക്കറ്റ് എടുക്കുവാൻ സാധിക്കുന്നതുമാണ്. ടി സംവിധാനം വഴി പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ടിക്കറ്റ് പേപ്പറുകളുടെ ഉപയോഗം കുറയ്ക്കുവാനും സാധിക്കും.

| | | | |
|---|---|---|---|
| | | | സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി, ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് പൂർണ്ണമായും ഭാഗികമായും സൗജന്യ നിരക്കിൽ യാത്രാപാസുകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ